**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ പ്രവൃത്തി നിലവിൽ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ്, ഫ്ളഡ് ലൈറ്റ് അനുബന്ധ സിവിൽ & ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് നിർമ്മിക്കുന്നത്. |
| (സി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ; | (സി) | ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, റീട്ടൈനിംഗ് വാൾ എന്നീ ഘടകങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള പ്രവൃത്തികൾ 2023 സെപ്റ്റംബർ മാസം അവസാനത്തോട്ടു കൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലിന്റെ ദൗർലഭ്യവും, കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള വീഴ്ചയുമാണ് പ്രസ്തുത പ്രവൃത്തി വൈകുന്നതിന് കാരണമായത്. |
| (ഇ) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023 സെപ്റ്റംബർ മാസം അവസാനത്തോട്ടു കൂടി ടി പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ